# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1310 — 13.12.2012 ൽ - മറുപടിക്ക്

### റേഷനിംഗ് സമ്പ്രദായം സുതാര്യമാക്കുക വഴി ഉണ്ടാകുന്ന നേട്ടങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. സി ജോർജ്ജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>,, എം. വി. ശ്രേയാംസ് കുമാർ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുവോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നല്കുമോ; | (എ) ഉദ്ദേശിക്കുന്നുണ്ട്. നിലവിലെ പൊതുവിതരണ സമ്പ്രദായത്തിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും റേഷൻ വിതരണം സുഗമമാക്കുന്നതിനും എഫ്.സി.ഐ. മുതൽ എ.ആർ.ഡി.കൾ വരെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു നൂതന സംവിധാനമായ എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാനാവശ്യമായ നടപടികൾ ആവിഷ്കരിച്ചു വരുന്നു. എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കുള്ള അരി, ഗോതമ്പ് എന്നിവയുടെ സബ്സിഡി നേരിട്ട് ബാങ്ക് വഴി നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) പൊതുവിതരണ ശൃംഖല പരിഷ്കരിക്കുന്നതിന് സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ്; | (ബി) ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഭക്ഷ്യ ദൗർലഭ്യം അനുഭവപ്പെടാതിരിക്കുന്നതിലേയ്ക്ക് കേന്ദ്രം അനുവദിക്കുന്ന ഭക്ഷ്യവസ്തുക്കൾ യഥാസമയം വിട്ടെടുത്ത് അർഹരായ ജനങ്ങളിലെത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് പൊതുവിതരണ ശൃംഖല പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) റേഷനിംഗ് സമ്പ്രദായം സുതാര്യമാക്കുകവഴി സർക്കാരിനും ജനങ്ങൾക്കും ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്? | (സി) റേഷൻ സമ്പ്രദായം സുതാര്യമാക്കുക വഴി അവശ്യ സാധനങ്ങൾ അർഹതപ്പെട്ടവർക്ക് അർഹമായ അളവിൽ ലഭ്യമാക്കുന്നതിനും റേഷൻ സാധനങ്ങളുടെ തിരിമറി, കരിഞ്ചന്ത, പൂഴ്ത്തിവയ്പ് എന്നിവ നിശ്ശേഷം തുടച്ചു നീക്കുന്നതിനും വിലക്കയറ്റം ഒരു പരിധി വരെ തടയുവാനും സാധിക്കും. |

സെക്ഷൻ ഓഫീസർ